## പതിനാലാം കേരള നിയമസഭ രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4135** **24.10.2016-ൽ മറുപടിയ്ക്ക്**

## കോഴിക്കോട് നഗരത്തിൽ മെട്രോ/ലൈറ്റ് മെട്രോ സർവ്വീസ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ടി. വി. ഇബ്രാഹിം :** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| **(എ)** കോഴിക്കോട് നഗരത്തിൽ മെട്രോ /ലൈറ്റ് മെട്രോ സർവ്വീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;<br>**(ബി)** ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; | **(എ) & (ബി)** ഉണ്ട്. തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾക്ക് 11.09.2015-ലെ ജി.ഒ.(എം.എസ്)74/2015/പി.ഡബ്ല്യൂ.ഡി പ്രകാരം കേരള സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ലൈറ്റ് മെട്രോ പദ്ധതി കൊച്ചി മെട്രോ മാതൃകയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി നടപ്പിലാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. പദ്ധതി ചെലവിന്റെ 20% കേരള സർക്കാരും, 20% കേന്ദ്ര സർക്കാരും കണ്ടെത്തണമെന്നാണ് ഡി.പി.ആർ-ൽ വിഭാവനം ചെയ്തിരിക്കുന്നത്. ഇതനുസരിച്ച് കേന്ദ്ര സർക്കാരിന് 12.08.2015-ന് വിശദമായ പദ്ധതി രേഖ സമർപ്പിച്ചിട്ടുണ്ട്. ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൽറ്റന്റായി ഡി.എം.ആർ.സി.യെ നിയമിച്ചുകൊണ്ടുള്ള കരാർ 20.01.2016-ന് DMRC-യും KRTL-ഉം ഒപ്പുവെച്ചു. കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയുടെ ഡിപ്പോ/യാർഡ് ആവശ്യങ്ങൾക്കായി 8.2819 ഹെക്ടർ സർക്കാർ ഭൂമി 01.03.2016-ലെ ജി.ഒ.(എം.എസ്)നം.196/2016-ആർ.ഡി. പ്രകാരം കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. 08.09.2016-ലെ ജി.ഒ(എം.എസ്) നം.67/2016/പൊ.മ.വ. പ്രകാരം കോഴിക്കോട് മെട്രോയ്ക്ക് ആവശ്യമായ 1.4474 ഹെക്ടർ |

സ്ഥലമേറ്റെടുക്കുന്നതിനുള്ള അനുമതിയും നല്കി ഉത്തരവായിട്ടുണ്ട്. ലൈറ്റ് മെട്രോയ്ക്ക് വേണ്ടി സ്ഥലമെടുക്കുന്നതിന് ഒരു ഡെപ്യൂട്ടി കളക്ടർ/RDO -യെയും ആവശ്യമായ മറ്റ് സ്റ്റാഫിനേയും നിയമിക്കുന്നതിനും ഉത്തരവായിട്ടുണ്ട്.

| | | | |
|---|---|---|---|
| **(സി)** | പ്രസ്തുത പദ്ധതിയിൽ കോഴിക്കോട് വിമാനത്താവളത്തിലേക്ക് കോഴിക്കോട് നഗരത്തിൽ നിന്ന് മെട്രോ സർവ്വീസ് ആരംഭിക്കുമോ; വിശദമാക്കാമോ? | **(സി)** | പദ്ധതിയുടെ ഒന്നാം ഘട്ടമായി കോഴിക്കോട് മെഡിക്കൽ കോളേജ് മുതൽ മീഞ്ചന്ത വരെയാണ് ലൈറ്റ് മെട്രോ വിഭാവനം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ